## 15 -ാം കേരള നിയമസഭ

## 4 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1706** **15-03-2022 - ൽ മറുപടിയ്ക്ക്**

## തിരുവനന്തപുരം സെൻട്രൽ പോളിടെക്നിക്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി കെ പ്രശാന്ത് | | null<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം സെൻട്രൽ പോളി ടെക്നിക്കിലെ സായാഹ്ന പാർട്ട് ടൈം ഡിപ്ലോമ കോഴ്സിന് എ.ഐ.സി.റ്റി.ഇ. അംഗീകാരം ലഭിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (എ) | എ.എെ.സി.ടി.ഇ.യുടെ 2021-2022 ഹാൻഡ് ബുക്ക് പ്രകാരം പാർട്ട് ടൈം കോഴ്സുകളെ വൈകുന്നേരം നടത്തുന്ന റഗുലർ കോഴ്സുകളായാണ് കണക്കാക്കുന്നത്. പുതുതായി റഗുലർ കോഴ്സുകൾ ആരംഭിയ്ക്കുന്നതിന് നിലവിലുള്ള കോഴ്സുകളുടെ NBA അക്രഡിറ്റേഷനും, പുതിയ കോഴ്സുകൾക്കാവശ്യമായ അദ്ധ്യാപകരും, അടിസ്ഥാന സൗകര്യങ്ങളും ആവശ്യമാണ്. 2022-23 വർഷത്തെ എ.എെ.സി.ടി.ഇ. നിബന്ധനകൾ വന്നതിനുശേഷം മാത്രമേ ഇത് സംബന്ധിച്ച നടപടികൾ ആരംഭിയ്ക്കാൻ കഴിയുകയുള്ളൂ. |
| (ബി) | സെൻട്രൽ പോളി ടെക്നിക്കിൽ സെൽഫ് ഫിനാൻസിംഗ് കോഴ്സുകൾ അനുവദിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ വ്യക്തമാക്കാമോ; | (ബി) | ഇപ്പോൾ പരിഗണനയിലില്ല. |
| (സി) | സംസ്ഥാനത്തെ പോളിടെക്നിക്കുകളിൽ സർക്കാരിന്റെ തൊഴിൽ ദാന പദ്ധതി പ്രകാരം പരിശീലന/പ്ലേയ്സ്മെന്റ് സ്കീമുകൾ നടപ്പാക്കാൻ നടപടി സ്വീകരിക്കാമോ; | (സി) | സംസ്ഥാനത്തെ ഗവൺമെൻറ് പോളിടെക്നിക്ക് കോളേജുകളിൽ വിദ്യാർത്ഥികൾക്ക് തൊഴിൽ ലഭ്യമാക്കാൻ സഹായിക്കുന്ന പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. ക്യാമ്പസ് പ്ലേസ്മെൻറ് നടത്തുന്നതിനായി പ്ലേസ്മെൻറ് സെല്ലുകളും നിലവിലുണ്ട്. സ്ഥാപനത്തിലെ ഒരു അദ്ധ്യാപകന് ചുമതല നല്കിയാണ് ഇത് നിലവിൽ നടപ്പിലാക്കുന്നത്. |
| (ഡി) | സെൻട്രൽ പോളിടെക്നിക്കിനെ സെന്റർ ഓഫ് എക്സലൻസായി ഉയർത്തുന്നതിനുള്ള നടപടികൾ വിശദമാക്കാമോ? | (ഡി) | സെൻട്രൽ പോളിടെക്നിക്ക് കോളേജിനെ സെൻറർ ഫോർ എക്സലൻസ് ആയി ഉയർത്തുന്നതിനുള്ള പ്രൊപ്പോസൽ നിലവിൽ സർക്കാർ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ